compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2023 ഡിസംബർ 19
**Tuesday, 19th December 2023**

1199 ധനു 3
**3rd Dhanu 1199**

1945 അഗ്രഹായനം 28
**28th Agrahayana 1945**

വാല്യം 12
**Vol. XII**

നമ്പർ
**No.** **51**

## Part III

# Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ബി.1197/2023. 2023 നവംബർ 21.

ജില്ലാ കൃഷി ഫാമിലെ കൃഷിയിടങ്ങളിൽ വേനൽകാലത്ത് കാട്ടു തീ പടർന്നു പിടിച്ച് നാശ നഷ്ടം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ഫയർബെൽറ്റ് നിർമ്മിക്കുന്നതിനായി ഏകദേശം 400 മണിക്കൂർ ഹൈഡ്രോളിക് എക്സ്കവേറ്ററിന്റെ സേവനം ലഭ്യമാക്കുന്നതിനായുള്ള മത്സരസ്വഭാവ മുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

നിരതദ്രവ്യം - ₹ 10,000.

ദർഘാസ് ഫോറത്തിന്റെ വില - ₹ 800 + ജി.എസ്.റ്റി.

ദർഘാസ് ഫോറം ലഭിക്കുന്ന അവസാനതീയതിയും സമയവും - 23-12-2023, ഉച്ചയ്ക്ക് 11 മണിവരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും - 23-12-2023, 12 മണിവരെ.

ദർഘാസ് ഫോറം തുറക്കുന്ന തീയതിയും സമയവും - 23-12-2023, 12.30 മണി.

നിബന്ധനകൾ

1. ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒരു മണിക്കൂർ ഹൈഡ്രോളിക് എക്സ്കവേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി സീൽ ചെയ്ത ടെൻഡറുകൾ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിശ്ചയിക്കപ്പെട്ട സമയത്തിനുമുമ്പായി സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, അഞ്ചൽ എന്ന വിലാസത്തിൽ ഫാം ആഫീസിൽ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിനു മുകളിൽ ഫയർബെൽറ്റ് നിർമ്മിക്കുന്നതിന് ഹൈഡ്രോളിക് എക്സ്കവേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ടെൻഡർ എന്ന് രേഖപ്പെടുത്തിയിരിക്കണം.

2. ദർഘാസ് ഫോറത്തിൽ തന്നിരിക്കുന്ന കരാർ ₹ 200-ന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ദർഘാസിനോ ടൊപ്പം സമർപ്പിക്കണം.

3. ടെൻഡർ തുകകൾ അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ടെൻഡർ നൽകുന്ന വ്യക്തിയുടെ വിലാസം, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേ ണ്ടതുമാണ്.

4. ടെൻഡറിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

5. ദർഘാസുകൾ കൃത്യസമയത്തുതന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ടെൻഡർ താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകു ന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ടെൻഡർ നടപടികൾ കൊല്ലംജില്ലാപഞ്ചായത്തിന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിരിക്കും.

7. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ 5 മണിവരെയുള്ള സമയത്ത് ഫാം ആഫീസർ മാരുടെ സാന്നിധ്യത്തിൽ മാത്രമേ ഫാമിൽ പ്രവർത്തനം നടത്താൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

8. ആദ്യകരാറുകാരന്റെ വീഴ്ചകൊണ്ട് പുനർദർഘാസ് നടത്തേണ്ടി വന്നാൽ സർക്കാരിനുള്ള നഷ്ടം റവന്യൂ റിക്കവറി നിയമപ്രകാരം ആദ്യകരാറുകാരനിൽനിന്നും ഈടാക്കുന്നതാണ്. ലാഭമാണ് ഉണ്ടാക്കുന്നതെങ്കിൽ ആദ്യ കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

9. ടെൻഡർ നടപടികൾ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

10. നിശ്ചിതദിവസം ഏതെങ്കിലും കാരണത്താൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ നടത്തുന്നതാണ്. ടെൻഡർ സംബന്ധിച്ച് നിലവിലുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും.

11. ഇതേ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഫാം ആഫീസിൽ നിന്ന് നേരിട്ടോ ടെലഫോണിലൂടെയോ അറിയാവുന്നതാണ്.

ജില്ലാ കൃഷിഫാം സൂപ്രണ്ടിന്റെ കാര്യാലയം,
അഞ്ചൽ, കോട്ടുക്കൽ പി. ഒ.

(ഒപ്പ്)
സൂപ്രണ്ട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.12.19 03:42:11 +05:30